# ചന്ദനപ്പള്ളി മലങ്കര കത്തോലിക്കാ പള്ളി പെരുനാളിനു തുടക്കം

പത്തനംതിട്ട: ചന്ദനപ്പള്ളി സെന്റ് ജോർജ് മലങ്കര കത്തോലിക്കാ പള്ളി തിരുനാളിനോടനുബന്ധിച്ച് ഇടവക വൈദികരുടെ നേതൃത്വത്തിൽ കുർബാന, ധൂപപ്രാർഥന, മധ്യസ്ഥ പ്രാർഥന, പത്തിന് അല്മായ സംഗമം, എംസിഎ മേജർ അതിഭദ്രാസന പ്രസിഡന്റ് തോമസ് ചെറിയാൻ പ്രസംഗിച്ചു.

ആറിനു സന്ധ്യാപ്രാർഥന, ഡോ. ജോസ് കുരുവിള പ്രസംഗിച്ചു. രണ്ടിന് പത്തിനു യുവജന സംഗമം, ആറിനു ഫാ. ജോസ് ചാമക്കാലായിൽ പ്രസംഗിക്കും. മൂന്നിന് എട്ടിനു നവവൈദികരുടെ കാർമികത്വത്തിൽ കുർബാന, പത്തിനു കുടുംബ സെമിനാർ, കെസിബിസി പ്രോ-ലൈഫ് സെക്രട്ടറി ഏബ്രഹാം പുത്തൻകളം ക്ലാസ് നയിക്കും. ഉച്ചയ്ക്ക് രണ്ടിനു ലീജിയൻ ഓഫ് മേരി പത്തനംതിട്ട കുരിയ സമ്മേളനം ഫാ. ഏബ്രഹാം വാവോലി മേപ്പുറത്ത് ഉദ്ഘാടനം ചെയ്യും.

നാലിന് ഒൻപതിനു വിൻസെന്റ് ഡി. പോൾ പർട്ടിക്കുലർ കൗൺസിൽ സമ്മേളനം, ഫാ. ജോർജ് പുത്തൻപുരയ്ക്കൽ കപ്പാച്ചിന് ക്ലാസ് എടുക്കും. ആറിന് തലമുറകളുടെ സംഗമം, 75 വയസ്സിനു മുകളിലുള്ളവരെ ആദരിക്കുന്നു. സമ്മേളനം യാക്കോബായ സഭ തുമ്പമൺ ഭദ്രാസനാധിപൻ യൂഹാനോൻ മാർ മിലിത്തിയോസ് ഉദ്ഘാടനം ചെയ്യും. കോന്നി വൈദിക ജില്ലാ വികാരി ഫാ ചാക്കോ തടത്തിൽ അധ്യക്ഷത വഹിക്കും. അഞ്ചിന് ഒൻപതിനു മാതൃവേദി സമ്മേളനം ഫാ. ഏബ്രഹാം മണ്ണിൽ ഉദ്ഘാടനം ചെയ്യും. തോമസ് ഏബ്രഹാം ക്ലാസ് നയിക്കും. ആറിന് ആധ്യാത്മിക സംഘടനാ വാർഷികം മലങ്കര മേജർ സെമിനാരി പ്രഫസ റവ. ഡോ. തോമസ് നായ്ക്കംപറമ്പിൽ ഉദ്ഘാടനം ചെയ്യും. അടൂർ വൈദിക ജില്ല വികാരി ഫാ. ജോസഫ് കുരുമ്പിലേത്ത് അധ്യക്ഷത വഹിക്കും. ജോസഫ് ചെറിയാൻ പ്രസംഗിക്കും.

ഏഴിന് വിവിധ കലാപരിപാടികൾ, ആറിന് നാലിനു ചന്ദനപ്പള്ളി ജംക്ഷനിൽ വാദ്യമേളം, ആറിന് തിരുസ്വരൂപം എഴുന്നള്ളിപ്പ് ജംക്ഷനിൽ നിന്ന് ദേവാലയത്തിലേക്കു നടക്കും. ഫാ. തോമസ് പൂവണ്ണാൻ കാർമികത്വം വഹിക്കും. 6.15നു സന്ധ്യാ പ്രാർഥന, ജോഷ്വാ മാർ ഇഗ്നാത്തിയോസ് പ്രസംഗിക്കും.

ഏഴിന് ആഘോഷമായ റാസ, പത്തിനു ഗാനമേള, മിമിക്സ്, ഏഴിന് രാവിലെ ഏഴിനു ചെമ്പിൽ അരിയിടീൽ കർമം, 8.30നു മേജർ ആർച്ച് ബിഷപ് ബസേലിയോസ് ക്ലിമ്മിസ് കാതോലിക്കാ ബാവാ, ഗീവർഗീസ് മാർ തിമോത്തിയോസ്, യൂഹാനോൻ മാ ക്രിസോസ്റ്റം, ഏബ്രഹാം മാർ യൂലിയോസ്, ജോസഫ് മാർ തോമസ്, സാമുവൽ മണ്ണിൽ റമ്പാൻ, കുരിശുമല മാത്യൂസ് റമ്പാന് ഫാ. തോമസ് കുമ്പുക്കാട്ട് കോറെപ്പിസ്കോപ്പ എന്നിവർക്കു ചന്ദനപ്പള്ളി ജംക്ഷനിൽ സ്വീകരണം. ഒൻപതിന് ആഘോഷമായ സമൂഹബലി, കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം, 11നു തീർഥാടക സംഗമം പൊതുമരാമത്ത് മന്ത്രി മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്യും. 11.30നു കുടപ്രദക്ഷിണം, 12നു നേർച്ചസദ്യ, വൈകിട്ട് 3.30ന് ആഘോഷമായ ചെമ്പെടുപ്പ് റാസ 4.30നു നേർച്ച വിളമ്പ്, ആശീർവാദം, ആറിനു ലേലം.

പത്തിന് 8.30നു റവ. ഡോ. ജോസ് മരിയദാസിന്റെ കാർമികത്വത്തിൽ ആഘോഷമായ കുർബാന, പത്തിനു റാസ, കൊടിയിറക്ക്, നേർച്ച വിതരണം എന്നിവയോടുകൂടി പെരുനാൾ സമാപിക്കുമെന്ന് ഫാ. സെബാസ്റ്റ്യൻ ആമ്പശേരി, സി. എം. ഡാനിയൽ കുറ്റിയിൽ എന്നിവർ അറിയിച്ചു.